# ആദ്യമായി ഒരു ക്വിയർ അംബേദ്കറൈറ്റ് സ്ഥാനാർത്ഥി

## അശ്വതി രാജപ്പൻ

ഞാൻ എറണാകുളം മണ്ഡലത്തിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായാണ് മത്സരിച്ചത്. ഇന്ത്യയിലെ കർഷകരും തൊഴിലാളികളും ദളിത് ആദിവാസി മത്സ്യബന്ധന സമൂഹങ്ങളും മുസ്ലീങ്ങൾ അടക്കമുള്ള മത ന്യൂനപക്ഷങ്ങളും ലിംഗ -ലൈംഗിക ന്യൂനപക്ഷങ്ങളും ഇന്ന് വളരെ വലിയ പ്രതിസന്ധികളിലൂടെയാണ് കടന്നു പോയിക്കൊണ്ടിരിക്കുന്നത്. വലതുപക്ഷ വർഗ്ഗീയ ശക്തികൾ കോർപ്പറേറ്റ് മൂലധന ശക്തികളുമായി ചേർന്ന് ഇന്ത്യയുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക രാഷ്ട്രീയ പാരിസ്ഥിതിക രംഗങ്ങളിൽ നടത്തുന്ന ഫാസിസ്റ്റ് ഇടപെടലുകൾ ഇന്ത്യയുടെ ബഹുസ്വരതയെയും ഫെഡറൽ സംവിധാനങ്ങളേയും മതേതര ആലോചനകളെയും ദിനംപ്രതി തകർത്തുകൊണ്ടിരിക്കുകയാണ്. കലാ സാംസ്കാരിക സാമൂഹിക രാഷ്ട്രീയ പ്രവർത്തകർക്കെതിരെ മത തീവ്രവാദികളും അവരെ പിന്തുണയ്ക്കുന്ന സർക്കാരുകളും നടത്തുന്ന ആക്രമണങ്ങൾ വർധിച്ചുകൊണ്ടിരിക്കുകയാണ്.

അടിമുടി സ്ത്രീ/ട്രാൻസ് വിരുദ്ധമായ ആണധികാര മൂല്യവ്യവസ്ഥയിൽ അടിയുറച്ചു നിൽക്കുന്ന നമ്മുടെ പൊതുഇടങ്ങളിൽ നിന്നും തൊഴിലിടങ്ങളിൽ നിന്നും വീട്ടിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും എന്തിനു സർക്കാർ സംവിധാനങ്ങളിൽ നിന്നു വരെ ദിനംപ്രതി നാം അതിക്രമങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന വിവിധ തരത്തിലുള്ള അതിക്രമങ്ങളും കോഴിക്കോട് നടന്ന ട്രാൻസ് സഹോദരി ശാലുവിന്റെ കൊലപാതകവും അതിന്റെ ഉത്തമ ഉദാഹരണമാണ്. അടുത്തകാലം വരെ കേരളീയ സമൂഹത്തിൽ ദൃശ്യരാകാൻ പോലും സ്വാതന്ത്ര്യമില്ലാത്ത അവസ്ഥയിലായിരുന്നു ട്രാൻസ് സമൂഹം. അതിജീവന പോരാട്ടത്തിനിടയിൽ പലരും വീട്ടിൽ നിന്നും നാട്ടിൽ നിന്നും തൊഴിലിടങ്ങളിൽ നിന്നും പുറത്താക്കപ്പെട്ടു. തെരുവിൽ ആക്രമിക്കപ്പെട്ടു കൊല ചെയ്യപ്പെട്ടു. ചിലർ ആത്മഹത്യയിലഭയം തേടി. കുറെ പേർ അയൽ സംസ്ഥാനങ്ങളിലേക്ക് ചേക്കേറി. പലർക്കും പോലീസിൽ നിന്നും സദാചാരപോലീസിൽ നിന്നുമെല്ലാം മർദ്ദനമേറ്റു. കള്ളക്കേസുകളിൽ തുറുങ്കിലടക്കപ്പെട്ടു. ചെറിയ മാറ്റങ്ങളോടെയാണെങ്കിലും ഇപ്പോഴും ആ അവസ്ഥ തുടരുന്നു. ഈ സാഹചര്യത്തിലാണ് പിറന്ന മണ്ണിൽ അന്തസ്സായി ജീവിക്കാനുള്ള ഒരു സമൂഹത്തിന്റെ തുടരുന്ന പോരാട്ടത്തിന്റെ ഭാഗമായി ഞാൻ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. തീർച്ചയായും സ്ത്രീ/ട്രാൻസ് പ്രാതിനിധ്യവുമായി ബന്ധപ്പെട്ട ചർച്ചകൾ ചാനലുകളിലും പത്ര മാധ്യമങ്ങളിലും മാത്രം ഒതുങ്ങി നിൽക്കുന്നതിൽ ഇവിടുത്തെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ ഉത്തരവാദിത്വം പറഞ്ഞേ മതിയാവൂ.

ഇന്ത്യയിലാദ്യമായി ഒരു ട്രാൻസ്ജെൻഡർ നയം പ്രഖ്യാപിച്ചത് കേരളത്തിലാണെന്നത് യാഥാർത്ഥ്യം തന്നെ. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി പല വിഷയങ്ങളും ചർച്ച ചെയ്യാൻ നമ്മുക്കായതും, സർക്കാർ-സർക്കാരിതര ഇടങ്ങളിൽ സ്ഥാനം നേടാനായതും പ്രധാനപ്പെട്ട നേട്ടങ്ങൾ തന്നെയാണ് എന്നാൽ അംബേദ്കർ വിഭാവനം ചെയ്ത സാമൂഹ്യനീതിയിലേക്കെത്താൻ ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. ആഗോളതലത്തിൽ വിവേചനങ്ങൾക്കെതിരെ, അതിക്രമങ്ങൾക്കെതിരെ, അംഗീകരിക്കപ്പെട്ടിരിക്കുന്ന മുഴുവൻ മനുഷ്യാവകാശങ്ങളും ലിംഗ-ലൈംഗികന്യൂനപക്ഷ സമുദായങ്ങൾക്ക് ലഭ്യമാകുന്നതിനായുള്ള ഇടപെടലുകൾ നടത്തേണ്ടിയിരിക്കുന്നു. പട്ടികജാതിക്കാർക്കെതിരായ അതിക്രമങ്ങൾ/ സ്ത്രീപീഡനങ്ങൾ തടയാനുള്ള നിയമങ്ങൾ പോലെ കർശനമായ നിയമങ്ങളിലൂടെ ഇവർക്കെതിരായ കടന്നാക്രമണങ്ങളും തടയണം. ലിംഗമാറ്റ ശസ്ത്രക്രിയകൾ അവകാശമായി അംഗീകരിച്ച് അതിനുള്ള മുഴുവൻ സംവിധാനങ്ങളും സൗജന്യനിരക്കിൽ തന്നെ ഒരുക്കേണ്ടതുണ്ട്. അതുപോലെ തന്നെ വിദ്യാഭ്യാസം, രാഷ്ട്രീയം തുടങ്ങി സമസ്ത മേഖലകളിലും ലിംഗ-ലൈംഗിക ന്യൂനപക്ഷങ്ങളുടെയും പാർശ്വവൽക്കരിക്കപ്പെട്ട ജനതയുടെയും സജീവ പ്രാധിനിത്യം ഉറപ്പിക്കേണ്ടതുണ്ട്. സംവരണം, തൊഴിൽ അവകാശങ്ങൾ, സാമൂഹിക രാഷ്ട്രീയ മേഖലകളിലെ പങ്കാളിത്തം എന്നിങ്ങനെ നിരവധി ലക്ഷ്യങ്ങളുമായാണ് ഇന്റർസെക്സ് വിഭാഗത്തിൽപ്പെട്ട ഞാൻ തെരഞ്ഞെടുപ്പിൽ മത്സരിച്ചത്. രാഷ്ട്രീയാധികാരം തന്നെയാണ് ഓരോ സമുദായത്തിന്റെയും ഗുണപരമായ വളർച്ചക്ക് പ്രധാന പങ്കുവഹിച്ചിട്ടുള്ളത്. നമ്മുടെ പോരാട്ടങ്ങളിലൂടെ നാം നേടിയെടുത്ത ഓരോ അവകാശങ്ങളും അതിന്റെ പൂർണ്ണ അർത്ഥത്തിൽ നടപ്പിലാക്കാൻ രാഷ്ട്രീയാധികാരം കൂടിയേ തീരൂ. മേൽപ്പറഞ്ഞ അരികുവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ പ്രതിനിധികൾ കൂടി ഇന്ത്യൻ പാർലമെന്റിൽ എത്തിച്ചേരുമ്പോഴേ അംബേദ്കർ വിഭാവനം ചെയ്ത സാമൂഹ്യനീതിയിലേക്കെത്താൻ സാധിക്കുകയുള്ളൂ എന്ന ഉത്തമ ബോധ്യവും എനിക്കുണ്ട്. ■

## വോട്ട് ബഹിഷ്കരിച്ചും പ്രതിഷേധം

**പത്തനംതിട്ട** ജില്ലയിലെ പൊന്തൻപുഴ സമരസമിതി തെരഞ്ഞെടുപ്പ് ബഹിഷ്കരിച്ചു. 61 വർഷമായി അർഹതപ്പെട്ട പട്ടയാവകാശം നിഷേധിക്കുന്നതിനെതിരെ നാളുകളായി സമരത്തിലാണ് പൊന്തൻപുഴ സമരസമിതി. പൊന്തൻപുഴയിലെ കർഷകർ വനം കൈയ്യേറ്റക്കാരാണെന്ന് വനം വകുപ്പ് ആരോപിച്ചിരുന്നു. എന്നാൽ ഇവരുടെ ഭൂമി വനപരിധിക്ക് ഉള്ളിൽ അല്ലെന്ന് സർവ്വേയിലൂടെ വെളിപ്പെട്ടു. ഇത് പരിഗണിച്ച് സർക്കാർ ഉടൻ പട്ടയം അനുവദിക്കാത്തതിന്റെ രോഷമാണ് ബഹിഷ്ക്കരണത്തിലൂടെ കർഷകർ പ്രകടിപ്പിച്ചത്. പെരുമ്പെട്ടിയിലെ 500 കുടുംബങ്ങളും മണിമല വില്ലേജിലെ 700 കുടുംബങ്ങളും അർഹതപ്പെട്ട പട്ടയം നിഷേധിക്കപ്പെട്ടവരായി ഇവിടെയുണ്ട്. 'ആദ്യം പട്ടയം പിന്നെ വോട്ട്' എന്ന് നേരത്തെ തന്നെ സമരസമിതി മുദ്രാവാക്യം മുന്നോട്ടുവച്ചിരുന്നു. എന്നിട്ടും പ്രശ്നം പരിഹരിക്കാത്തതിനെ തുടർന്നാണ് വോട്ട് ബഹിഷ്കരിച്ചത്. പത്തനംതിട്ടയുടെ വിധി നിർണയത്തിൽ തങ്ങളുടെ രണ്ടായിരത്തോളം വോട്ടുകൾ വ്യക്തമായ സ്വാധീനം ചെലുത്തുമെന്നാണ് സമരസമിതി പ്രവർത്തകരുടെ വിലയിരുത്തൽ. ■